# മഗളവാർത്തക്കാലം
## വചന വിചിന്തനം
### പിറവിക്കാലം : ഒന്നാം ഞായർ
### മത്ത 2,112

"ദൈവാന്വേഷി ദൈവം കാണിച്ച് തരുന്ന
വഴിയിലൂടെ യാത്ര ചെയ്യുന്നവനാണ്.
ആ വഴിയിൽ യാത്ര ചെയ്യുന്നത് ഒറ്റയ്ക്കല്ല.
മിച്ച്, ദൈവത്തിനോടൊപ്പമാണ്!!"

നക്ഷത്രം
ജ്ഞാനികൾക്ക്
വെളിച്ചമായപ്പോൾ
ഹേറോദേസിനെ
അത് അന്ധനാക്കി!
വചനം ചിലർക്ക്
പ്രകാശമാകുമ്പോൾ
ചിലർക്ക്
അത് അന്ധതയ്ക്കുള്ള
കാരണമാകുന്നുണ്ടെ
ങ്കിൽ അതിനുള്ള
കാരണം
സ്വീകരണത്തിലെ
വൈരുദ്ധ്യങ്ങളാണ്!

പൗരസ്ത്യദേശത്തുനിന്നു മൂന്ന് ജ്ഞാനികൾ ജറുസലെമിലെത്തുന്നു. കിഴക്ക് ക്രിസ്തുവിന്റെ ജനനം അറിയിച്ചുകൊണ്ടുള്ള നക്ഷത്രം കണ്ട് യഹൂദൻമാരുടെ രാജാവായി ജനിച്ച ക്രിസ്തുവിനെ ആരാധിക്കാൻ തത്രപ്പെടുന്ന ജ്ഞാനികൾ. മറുവശത്ത്, ഇതു കാണുകയും കേൾക്കുകയും ചെയ്യുന്ന ഹേറോദേസ് രാജാവിന്റെ അസ്വസ്ഥ! രാജാവിനോടൊപ്പം അസ്വസ്ഥതപ്പെടുന്ന ജറുസലെം നഗരവാസികൾ മുഴുവനും. ഇതിൽനിന്നും വിടുതൽ പ്രാപിക്കുന്നതിന് വേണ്ടി, ഹേറോദേസ് പ്രധാനപുരോഹിതൻമാരെയും ജനത്തിൻെറ ഇടയിലെ നിയമജ്ഞരെയും വിളിച്ചുകൂട്ടി, ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്നു ചോദിക്കുന്നു. ചരിത്രവും വചനവും പ്രവചനങ്ങളും തലനാരിഴയ്ക്ക് കീറി പരിശോധിച്ച് അവർ ഉത്തരം നൽകി;

''യൂദയായിലെ ബേത്‌ലെഹെമിൽ. കാരണം, പ്രവാചകൻ എഴുതിയിരിക്കുന്നു: യൂദയായിലെ ബേത്‌ലെഹെമേ, നീയൂദയായിലെ പ്രമുഖനഗരങ്ങളിൽ ഒട്ടും താഴെയല്ല; എൻെറ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവൻ നിന്നിൽ നിന്നാണ് ഉദ്ഭവിക്കുക" (മത്താ 2,6).

ഇതുകേൾക്കുന്ന ഹേറോദേസ് തന്ത്രങ്ങൾ മെനഞ്ഞു; അത് നന്മയ്ക്ക് വേണ്ടിയല്ല. മറിച്ച്, തന്റെ സ്വാർത്ഥതയുടെ സിംഹാസനം ഉറപ്പിക്കുന്ന തിന്മയുടെ കുതന്ത്രങ്ങൾ! അവൻ ആജ്ഞാനികളെ രഹസ്യമായി വിളിച്ച്, നക്ഷത്രം പ്രത്യക്ഷപ്പെട്ടതെപ്പോഴെന്നു സൂക്ഷ്മമായി ആകാംക്ഷയോടെ അന്വേഷിച്ചറിഞ്ഞ് അവരെ ബേത്‌ലെഹെമിലേക്ക് അയച്ചു. അവൻ അവരെ ഇപ്രകാരം പറഞ്ഞ് യാത്രയാക്കുന്നും;

"പോയി ശിശുവിനെപ്പറ്റി സൂക്ഷ്മമായി അന്വേഷിക്കുക; അവനെ കണ്ടുകഴിയുമ്പോൾ ഞാനും ചെന്ന് ആരാധിക്കേണ്ടതിന് എന്നെയും അറിയിക്കുക" (മത്താ 2,8).

രാജാവു പറഞ്ഞതുകേട്ട് ജ്ഞാനികൾ പുറപ്പെടുന്നു. അൽഭുതം അരങ്ങേറുന്നത്, ജ്ഞാനികൾ എപ്പോൾ ഹേറോദേസിന്റെ കൊട്ടാരത്തിൽ നിന്നു പുറത്തു വന്നുവോ, അപ്പോൾ മുതൽ കിഴക്കു കണ്ട നക്ഷത്രം അവർക്കുമുമ്പേ നീങ്ങാൻ ആരംഭിച്ചു! ആ നക്ഷത്രം ചെന്നെത്തി നിന്നത് ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ. ജ്ഞാനികൾ കാലിത്തൊഴിത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിക്കുകയും ചെയ്തു.

ദൈവത്തെയും ദൈവമഹത്വത്തേയും കണ്ട് കുളിർയേറിയ ജീവി

തവുമായി മൂന്ന് രാജാക്കൻമാരും യാത്രയാകുമ്പോൾ ദൈവദൂദൻ വീണ്ടും ജ്ഞാനികളുടെ ജീവിത്തിൽ ഇടപ്പെടുന്നു. ഹേറോദേസിൻെറ അടുത്തേക്കു മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ ദൈവദൂതർ ജ്ഞാനികൾക്ക് മുന്നറിയിപ്പു കൊടുക്കുന്നു. ദൈവദൂതൻ ദൈവത്തിന്റെ ഹിതം പറയുന്നവനാണ് എന്നുള്ള ബോദ്ധ്യത്തോട് കൂടെ ദൈവം എന്ത് പറഞ്ഞുവോ അതനുസരിച്ച് പ്രവർത്തിക്കുന്നു; ജ്ഞാനികൾ മൂവരും മറ്റൊരു വഴിയേ സ്വദേശത്തേക്കും സ്വഭവനത്തിലേയ്ക്കും യാത്രയാകുന്നു.

ദൈവന്വേഷി ദൈവം ആഗ്രഹിക്കുന്ന വഴിയേ യാത്ര ചെയ്യേണ്ടവനാണെങ്കിൽ ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കേണ്ടവൻ കൂടിയാണ്. ജ്ഞാനികൾക്ക് ദൈവതിരുമുഖദർശനം സാദ്ധ്യമായത് ദൈവം ആഗ്രഹിക്കുന്ന വഴിയെ യാത്രചെയ്തപ്പോൾ മാത്രമല്ല. മറിച്ച്, ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിച്ചപ്പോൾ മാത്രമാണ്. ഹേറോദേസുമായുള്ള സംസർഗ്ഗം ദൈവം ആഗ്രഹിച്ചിരുന്ന ഒന്നല്ല. പക്ഷെ, ദൈവം ആഗ്രഹിക്കാത്ത സംസർഗ്ഗം ജ്ഞാനികളുടെ ജീവിതത്തിൽ അരങ്ങേറിയപ്പോൾ ദൈവം തന്റെ തിരുമുഖദർശനം അവരിൽ നിന്ന് മറച്ചുവച്ചു. എപ്പോൾ, ജ്ഞാനികൾ തങ്ങളുടെ തെറ്റ് മനസ്സിലാക്കി ഹേറോദേസിന്റെ ഭവനത്തിൽ നിന്ന് പടിയിറങ്ങുന്നുവേ, അപ്പോൾ മുതൽ വീണ്ടും ദൈവം തന്റെ തിരുമുഖ ദർശനം അവർക്ക് സമ്മാനിക്കുന്നു! എങ്കിൽ, ഒന്നുറപ്പാണ്;

"ദൈവന്വേഷി ദൈവം ആഗ്രഹിക്കുന്ന വഴിയേ യാത്ര ചെയ്യുന്നതിനൊപ്പം ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കേണ്ടവൻ കൂടിയാണ്!"

കഴിഞ്ഞ ദിവസം പത്രവാർത്തകളിൽ കണ്ണുകളുടക്കിയ കരളലിയിപ്പിക്കുന്ന മാതൃകാപരമായ വാർത്തകളിൽ ഒന്ന് ഇപ്രകാരമായിരുന്നു; "കരുണയുടെ വർഷം കരളലിയിപ്പിക്കുന്ന മാപ്പുമായി ഫാ.തോമാസ് വയലുംകാൽ!"

ഇതണ്ട്പള്ളിയിൽ മോഷണം നടത്തിയ തമിഴ്നാട്ടിലെ തിരുട്ടു ഗ്രാമത്തിൽ നിന്നുള്ള മോഷ്ടാക്കൾക്ക് മാപ്പുനൽകിയിരിക്കുകയാണ് കുമളി സെൻറ് തോമസ് ഫൊറോനാ പള്ളി വികാരിയും കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകാംഗവുമായ റവ.ഡോ.തോമസ് വയലുംകൽ. 2015 സെപ്റ്റംബർ 30 രാത്രി 122890 (ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്) രൂപയാണ് അന്ന് പള്ളിയിൽ നിന്ന് മോഷണം പോയത്. സി.സി.റ്റി.വി ദൃശ്യങ്ങൾ ഉപയോഗിച്ച് ഒരാഴ്ചക്കകം പ്രതികളെ പൊലീസ് പിടികൂടി. ഇന്നലെ കേസിലെ പ്രോസീക്യൂഷൻ വിചാരണയ്ക്കായി പീരുമേട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ എത്തിയപ്പോഴാണ് വികാരനിർഭര രംഗങ്ങൾ അരങ്ങേറിയത്. കരുണയുടെ വർഷം ആചരിക്കുന്നതിനാൽ മാർപ്പാപ്പ യുടെ ആഹ്വാനപ്രകാരം പ്രതികൾക്ക് മാപ്പ് നൽകുകയാണെന്ന നിർണ്ണായക വിവരം അഭിഭാഷകൻ ഷൈൻ വർഗീസ് മുഖേന മജിസ്ട്രേറ്റ് എ. ഷാനവാസിനെ റവ. ഫാ തോമസ് വയലുംകൽ അറിയിച്ചു.

കുറ്റം ചെയ്തവർ കുറ്റവാളികളാണെന്നും സമൂഹം ആഗ്രഹിക്കുന്ന മാതൃകാപരമായ ശിക്ഷ ഇവർ അർഹിക്കുന്നുണ്ടെന്നും മജിസ്ട്രേറ്റ് പറഞ്ഞിട്ടും അവരെ ശിക്ഷിക്കാൻ റവ. ഫാ തോമസ് വയലുംകൽ തയ്യാറായില്ല. ഇതിനേ തുടർന്ന്, പ്രതികളോട് സംസാരിയ്ക്കാൻ ഉടൻ തന്നെ

ജ്ഞാനികളെ
ക്രിസ്തുവിലേയ്ക്ക്
നയിക്കുന്നത്
നക്ഷത്രമാണ്.
ഇന്ന്,
ഈ നക്ഷത്രപ്രകാശം
പങ്കുവയ്ക്കാൻ
ക്രിസ്തു വിളിക്കുന്നത്
എന്നെയും
നിന്നെയുമാണ്!

വികാരിയച്ചന് മജിസ്ട്രേറ്റ് അനുവാദം നൽകി. കോടതിക്ക് സമീപത്തുള്ള മുറിയിൽ നടന്ന കൂടികാഴ്ചയിൽ പ്രതികളായ മുരുകൻ, കുപ്പുസ്വാമി എന്നിവർ പൊട്ടികരഞ്ഞ് വയലുംകൽ അച്ചന്റെ കാൽക്കൽ വീണ്, കണ്ണുനീരുകൊണ്ട് ആ പാദങ്ങൾ കഴുകി, "ഇനിയൊരിക്കലും തെറ്റുചെയ്യില്ലെന്നും നല്ല മനുഷ്യരായി ജീവിക്കുമെന്നും" അച്ചന് ഉറപ്പു നൽകി. പ്രതികളായ മുരുകൻ, കുപ്പുസ്വാമി എന്നിവർക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ശിക്ഷകളിൽ ഒന്നായിരുന്നു വികാരിയച്ചൻ അവർക്ക് മാപ്പ് നൽകിയത്. അത് അവരുടെ മനസ്സിനെ മാറ്റാൻ പാകത്തിന് ശക്തമായിരുന്നു. ചരിത്രം വീണ്ടും ഓർമ്മപ്പെടുത്തുന്നു; "ദൈവന്വേഷി ദൈവം ആഗ്രഹിക്കുന്ന വഴിയേ യാത്ര ചെയ്യുന്നതിനൊപ്പം ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കേണ്ടവൻ കൂടിയാണ്!"

ജ്ഞാനികൾ നടത്തുന്നത്, ദൈവം സ്ഥാപിച്ച നക്ഷത്രവിളക്കുകളെ പിന്തുടർന്ന് ദൈവത്തെ കണ്ടുപിടിക്കുന്നു. ഈ ഭഗീരഥപ്രയത്നത്തിൽ ജ്ഞാനികളെ സഹായിക്കുന്നത് അവരുടെ ജ്ഞാനവും! ചുരുക്കത്തിൽ, ദൈവത്തെ തേടാൻ ആഗ്രഹിക്കുന്നവർ ജ്ഞാനം സ്വന്തമാക്കണം... ജ്ഞാനികളായി മാറ്റപ്പെടണം! ദൈവാന്വേഷണത്തിന്റെ പാതയിൽ സ്വായത്തമാക്കേണ്ട ഗുണങ്ങളെ വചനഭാഗം അടിവരയിട്ട് അവതരിപ്പിക്കുകയാണ്. ജ്ഞാനം ദൈവത്തെ കുറിച്ചുള്ള അറിവാകുമ്പോൾ ആ ദൈവത്തെ തേടാൻ അടിസ്ഥാനപരമായി സ്വന്തമാക്കേണ്ട ഗുണവും ജ്ഞാനം തന്നെയാണ്. ദൈവാന്വേഷണം യാദൃശ്ചികമായി സംഭവിക്കേണ്ട ഒന്നല്ല. മറിച്ച്, ബോധപൂർവ്വകമായ ഒരു പ്രവർത്തിയായിരിക്കണം!

രക്ഷകനെ കണ്ടവരാരും വന്ന വഴിയെ തിരിച്ച് പോയിട്ടില്ല! "ഹേറോദേസിൻെറ അടുത്തേക്കു മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ മുന്നറിയിപ്പു ലഭിച്ചതനുസരിച്ച് അവർ (ജ്ഞാനികൾ) മറ്റൊരു വഴിയേ സ്വദേശത്തേക്കു പോയി" (മത്താ 2,12). രക്ഷകനെ കണ്ടുകഴിയുമ്പോൾ ഉണ്ടാകുന്ന ബോദ്ധ്യങ്ങളിലൊന്ന്, താൻ ചെയ്തതും പറഞ്ഞുതും ചിന്തിച്ചതും ശരിയല്ല എന്നുള്ള തിരിച്ചറിവാണ്. വചനത്തിലൂടെ യാത്ര ചെയ്യുമ്പോൾ ചുങ്കക്കാരനായ സക്കേവൂസും, പാപിനിയായ സ്ത്രീയും, ക്രിസ്ത്യാനികളെ കൊന്നൊടുക്കാൻ യാത്ര തിരിച്ച സാവൂളും, വി. അഗസ്റ്റീനോസും തങ്ങളുടെ ജീവിതം കൊണ്ട് കാണിച്ച് തരുന്നതും ഇതൊക്കെ തന്നെയാണ്, "രക്ഷകനെ കണ്ടവരാരും വന്ന വഴിയെ തിരിച്ച് പോയിട്ടില്ല!"

**ദൈവപുത്രൻ പിറക്കുന്നു എന്നു കേൾക്കുമ്പോൾ ചിലർ അസ്വസ്ഥരാകുന്നു. കാരണം, അവരുടെ ജീവിതം നേരിനൊപ്പമല്ല!**

> "നിങ്ങൾ വചനം കേൾക്കുക മാത്രംചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ."
>
> യാക്കോബ് 1,22

ഫാ. ജോബി മേനോത്ത്
+91 944 7777 931